
# മരണാനന്തരം ജീവിതമുണ്ടോ?



ഡോ: എ. ടി. കോവൂർ

പ്രസാധനം:
യുക്തിവാദപ്രചരണവേദി,
തൃശൂർ - 680004.
വില- 2.00

വാങ്ങുക! വായിക്കുക! പ്രചരിപ്പിക്കുക!

കഴിഞ്ഞ 22 വര്‍ഷമായി, ഒററലക്കംപോലും മുടക്കം കൂടാതെ കൃത്യമായി പ്രസിദ്ധീകരിച്ചു വരുന്ന, സ്വതന്ത്ര ചിന്തയുടെ തീപ്പന്തം ഉയര്‍ത്തിപ്പിടിക്കുന്ന മാസിക.

## യുക്തിവിചാരം

ഒററപ്രതി 5-00, ഒരു വര്‍ഷം 50_00

3 വര്‍ഷം 120_00

മാനേജര്‍, യുക്തിവിചാരം, തൃശ്ശൂര്‍-680004

മരണാനന്തരം ജീവിതമുണ്ടോ?

ഗ്രന്ഥകര്‍ത്താവ് - ഡോ: എ. ടി. കോവൂര്‍.

വിവര്‍ത്തനം: യുക്തിവാദപ്രചരണവേദി

മൂന്നാംപതിപ്പ്-

വില: 2_00

കോപ്പി_1000

1998_ മെയ്_

പ്രസാധനം: യുക്തിവാദപ്രചരണവേദി, തൃശ്ശൂര്‍_4

മുദ്രണം: സുലഭ പ്രിന്റേഴ്സ്, കാല്‍വരിറോഡ്,

തൃശ്ശൂര്‍_680004

# മരണാനന്തരം ജീവിതമുണ്ടോ?

ഡോ: എ. ടി. കോവൂർ

എൻെറ ജീവൻ ശരീരത്തിൻെറ ഒരു പ്രത്യേകഭാഗത്തു് സ്ഥിതിചെയ്യുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല. ശരീരത്തിലുള്ള എല്ലാ കോശങ്ങളിലുമായി ജീവൻ ഉല്പാദിപ്പിക്കപ്പെടുകയും, ഓക്സിജനുമായുള്ള രാസസംയോഗം മൂലമുണ്ടാകുന്ന പ്രവൎത്തനംവഴി അതു് നിലനില്ക്കുകയും ചെയ്യുന്നു. മേല്പറഞ്ഞ രാസപ്രവൎത്തനം സാധ്യമാകുന്നതു് എൻെറ ശരീരത്തിലെ രക്തചംക്രമണത്താലും ശ്വാസോച്ഛ്വാസത്താലുമാകുന്നു. ഹൈഡ്രോകാർബണിൻെറ ദാഹകപ്രവൎത്തനത്താൽ മെഴുകുതിരി എരിഞ്ഞു് ചൂടും വെളിച്ചവും ഉണ്ടാകുന്നു എന്ന തത്വംതന്നെയാണു് ഈ പ്രക്രിയയ്ക്കും നിദാനമായിട്ടുള്ളതു്. മെഴുകുതിരി കെടുത്തുമ്പോൾ, ചൂടും വെളിച്ചവും അതിൽനിന്നു് പുറത്തു പോകുന്നില്ല. വീണ്ടും കാണിക്കുമ്പോൾ അവ തിരിച്ചുവരികയും ചെയ്യുന്നില്ല. ഊൎജ്ജം ഉല്പാദിപ്പിക്കപ്പെടുന്ന പ്രവൎത്തനങ്ങൾ നിലക്കുന്നു എന്നുമാത്രം. അതുപോലെത്തന്നെ, ശ്വാസോച്ഛ്വാസവും രക്തചംക്രമണവും നിലച്ചു് എൻെറ ശരീരം നിൎജ്ജീവമാകുമ്പോൾ ഒന്നുംതന്നെ പുറത്തേക്കു പോകുന്നില്ല. ഏതെങ്കിലും കാരണവശാൽ എൻെറ ശരീരം പുനരുജ്ജീവിപ്പിക്കപ്പെടുകയാണെങ്കിൽ, ശരീരത്തിൽനിന്നും വേർപെട്ട ജീവൻ തിരിച്ചുവന്നു എന്നു് കരുതുന്നതു് തികച്ചും തെററാണു്.

എൻെറ മരണം ഒരു പ്രത്യേക നിമിഷത്തിൽ സംഭവിക്കുന്നതല്ല. ഞാൻ 78-ൽ അധികം കൊല്ലമായി മരിക്കുവാൻ തുടങ്ങിയിട്ടു്. അമ്മയെ ആശ്രയിച്ചു കഴിയുന്ന ഒരു ഇത്തിക്കണ്ണിയായിട്ടാണു് ഞാൻ ജീവിതം ആരംഭിച്ചതു്. അമ്മയിൽനിന്നും വേർപെട്ടപ്പോൾ മറുപിള്ള മുതലായ വസ്തുക്കളായ എൻെറ ശരീരത്തിൻെറ 1/8ഭാഗം മരിച്ചുപോയി. ആ ദിവസം മുതൽ ഞാൻ മരിക്കുകയും, വളരുകയും ചെയ്തുകൊണ്ടിരിക്കുന്നു. ദിനംപ്രതി എൻെറ ശരീരത്തിലെ നിരവധി കോശങ്ങൾ [സെൽസ്] മരണമടയുകയും നിരവധി പുതിയ കോശങ്ങൾ ജനിക്കുകയും ചെയ്തുവരുന്നു. മുടി വെട്ടുമ്പോഴും, ഷേവു് ചെയ്യുമ്പോഴും, നഖം മുറിക്കുമ്പോഴുമായി വളരെയധികം കോശങ്ങൾ എൻെറ ശരീരത്തിൽനിന്നും പുറത്തുപോകുന്നു. ശരീരാന്തർഭാഗത്തെ നിരവധി കോശങ്ങൾ മരിക്കുകയും, അവ വിയർപ്പുവഴിയായും. മൂത്രം വഴിയായും പുറംതള്ളപ്പെടുകയും ചെയ്യുന്നുണ്ടു്. യാദൃച്ഛികമായുണ്ടാകുന്ന മുറിവുകളാലും, രോഗാണുക്കളുടെ ആക്രമണം വഴിയായും, ശാരീരികവും മാനസികവുമായ അദ്ധ്വാനം വഴിയും, അൾട്രാവൈലററ് രശ്മികളുമായുള്ള സമ്പർക്കത്താലും, ലാബ്രട്ടറിയിലെ രാസവസ്തുക്കളുമായുള്ള അടുപ്പത്താലും, എരിവും മസാലയും ചേൎന്ന കറികൾ കഴിക്കു

ന്നതു മൂലവുമാണ് എൻെറ ശരീരത്തിലെ വലിയൊരു ഭാഗം നശിക്കു വാൻ ഇടയാകുന്നതു്.

ഒരിക്കൽ എൻെറ ശരീരത്തിലെ വലിയൊരു ഭാഗം ശസ്ത്രക്രിയക്കു് വിധേയമായി നീക്കം ചെയ്തിട്ടുണ്ട്. നാല്പത്തിയെട്ടു് കൊല്ലം മുമ്പ് എൻെറ ശരീരത്തിൽനിന്നും വേർപ്പെട്ട ഒരു ചെറിയ കോശം മററൊരു ബഹിർകോശവുമായി യോജിച്ചതിൻെറ ഫലമായി എൻെറ ശരീരത്തിൽനിന്നും വേർപെട്ടു് വളരുന്നുണ്ടു്. അതു് മററാരുമല്ല ഡോ: ആരീസ് കോവൂരായി ഇപ്പോഴും ജനിച്ചും മരിച്ചും ഇരിക്കുന്ന എൻെറ മകൻ തന്നെയാണ്. എൻെറ ചെറുപ്പകാലത്തു് ശരീരത്തിൽ കോശങ്ങൾ ഉണ്ടാകുന്നതു് നശിക്കുന്നതിനേക്കാൾ പതിന്മടങ്ങ് അധികമായ അനുപാതത്തിലായിരുന്നു. അതുകൊണ്ടു് ഞാൻ വളരുകയും എൻെറ 40.ാംവയസ്സിൽ 185 പൗണ്ടു് തൂക്കം വരുകയും ചെയ്തിരുന്നു. ഇത്രയും തൂക്കംകുറെക്കാലത്തേക്കു് നിലനിർത്താൻ എൻെറ ശരീരത്തിനു് കഴിഞ്ഞു. കാരണം ആ കാലങ്ങളിൽ കോശങ്ങളുടെ ജനനവും മരണവും സമതുലിതാവസ്ഥയിലായിരുന്നു. അതിനുശേഷം കോശങ്ങളുടെ ജനനം, മരണത്തേക്കാൾ കുറയാൻ തുടങ്ങി, ഇപ്പോൾ വെറും 125പൗണ്ടു് തൂക്കം നിലനിർത്താൻ മാത്രമേ കഴിയുന്നുള്ള എൻെറ ശരീരത്തിൽനിന്നും പുറംതള്ളപ്പെട്ടു് മരിച്ച കോശങ്ങളുടെ കണക്കെടുത്താൽ ലക്ഷക്കണക്കിനു പൗണ്ടു് ഉണ്ടാകും. ഒററ കോശവും വളർന്നു് വികസിക്കാനില്ലാതാകുന്നതുവരെ എൻെറ ശരീരത്തിൽ മരണം മുറസ്സു നടന്നുകൊണ്ടിരിക്കും.

എൻെറ ശരീരത്തിലെ എല്ലാ കോശങ്ങളുടെ മരണത്തിനുശേഷവും ഏതെങ്കിലും ഒരു ഭാഗ്യവാനായ അപരിചിതൻെറ കണ്ണിൽ എൻെറ കണ്ണിൻെറ Cornea ക്കു് ജീവിക്കാൻ കഴിയും.

125 പൗണ്ടു് തൂക്കമുള്ള എൻെറ ശരീരത്തിൻെറ മരണം, എൻെറ ജീവിതത്തിലെ തുടർച്ചയായുള്ള ജനനമരണങ്ങളുടെ ഒരു വലിയ സംഭവമായിരിക്കും. എന്തെന്നാൽ എൻെറ മനസ്സിൻെറ ഇരിപ്പടമായ തലച്ചോറു് പ്രവർത്തിക്കാതെയാവുകയും, അങ്ങിനെ വ്യക്തിത്വവും ആത്മഭാവവും (Ego) നിലക്കുകയും ചെയ്യുന്നു. എൻെറ അവസാനത്തെ ശ്വാസോച്ഛ്വാസം ഒരിക്കലും ഇന്നുള്ളതിനേക്കാൾ പ്രത്യേകതരമാവുകയില്ല. അപ്പോഴും ഇന്നത്തെപ്പോലെത്തന്നെ കാർബൺ ഡയോക്സൈഡും, നീരാവിയും ഉച്ഛ്വസിക്കുന്നതായിരിക്കും.

എനിക്കൊരു ആത്മാവുണ്ടെന്നോ, അതു് മരണശേഷവും നിലനില്ക്കുമെന്നോ, അതു് സ്വർഗ്ഗത്തിലേയ്ക്കോ നരകത്തിലേയ്ക്കോ പോകുമെന്നോ, അഥവാ പ്രേതമായി അലഞ്ഞുതിരിയുമെന്നോ ഞാൻ വിശ്വസിക്കുന്നില്ല.

അഥവാ ആത്മാവുണ്ടെന്നുവെച്ചാൽതന്നെ അതിൻെറ സിംഹഭാഗവും വളരെക്കാലം മുമ്പുതന്നെ വിട്ടുപോയ്ക്കൊണ്ടിരിക്കുന്ന എൻെറ സിരകളോടൊന്നിച്ച് എൻെറ ശരീരം വിട്ടുപോയിട്ടുണ്ടാകും, ആത്മാവിൻെറ ഒരു ചെറിയ അംശം എൻെറ കണ്ണുദാനം വാങ്ങിയ ആ വ്യക്തിയുടെ ശരീരത്തിൽ നിലനില്ക്കുകയും ചെയ്യും. സൃഷ്ടിയുടെ ഉന്നതമായ പടിയിൽ നില്ക്കുന്ന ജീവി എന്ന നിലയിൽ കേന്ദ്രീകൃതമായൊരു സിരാവ്യൂഹവും, ശ്വസനേന്ദ്രിയങ്ങളും ദഹനേന്ദ്രിയങ്ങളും ഉള്ള ഒരു വ്യക്തിയാണ് ഞാൻ. അമ്മയുടെ ഗർഭപാത്രത്തിൽ വളർന്നിരുന്ന കാലത്തു് കേന്ദ്രീകൃതമായ ശാരീരികപ്രക്രിയകൾ ആരംഭിക്കുന്നതിന്നു് വളരെമുമ്പ് ചില താഴ്ന്നതരം ജീവികളെപ്പോലെയോ, സസ്യങ്ങളെപ്പോലെയോ എനിക്കും വേർതിരിഞ്ഞ അവസ്ഥയുണ്ടായിരുന്നു.

ഞാൻ അമ്മയുടെ ഗർഭപാത്രത്തിലായിരിക്കുമ്പോൾ ഭ്രൂണം മൂന്നുനാലുഭാഗമായി വേർപെട്ടിരുന്നെങ്കിൽ എന്നോടൊപ്പം മൂന്നുനാലു കുഞ്ഞുങ്ങൾകൂടി ജനിക്കുമായിരുന്നു. അവരെല്ലാം എൻെറ ആത്മാവിൻെറ അംശങ്ങൾ ഉൾക്കൊള്ളുന്നവയുമാകുമായിരുന്നു.

ആത്മാവിലും പുനർജന്മത്തിലും വിശ്വസിക്കുന്ന മതവിശ്വാസികളായവരാരുംതന്നെ ഇവയൊന്നും ചെവികൊള്ളാൻ പോകുന്നില്ല. അങ്ങനെ എല്ലാ മതങ്ങളും മരണാനന്തര ജീവിതത്തെപ്പററി പറയുന്നുണ്ടെങ്കിലും, എനിക്കിതേവരെ അതു വിശ്വസിക്കത്തക്ക കാരണം ഉണ്ടായിട്ടില്ല.

ജൂൺ 7-ാംനു- വെസ്ലി കോളേജിൽ ഞാൻ ചെയ്ത പ്രസംഗത്തെ തുടർന്നു് സദസ്യരുടെ ചോദ്യങ്ങൾക്കിടയിൽ ഒരദ്ധ്യാപകൻ എന്നോടു് ചോദിച്ചു, പുനർജന്മസിദ്ധാന്തത്തെക്കുറിച്ചുള്ള എൻെറ അഭിപ്രായമെന്താണെന്നു്. എൻെറ അപേക്ഷയനുസരിച്ച് ഒരു വിദ്യാർത്ഥി, എൻെറ കാറിലുണ്ടായിരുന്ന ഒരു സിഗററുപെട്ടി കൊണ്ടുവന്നു പ്രാർത്ഥിക്കുന്നെന്നു തോന്നുന്നവിധമുള്ള ഒരുതരം പാററ (Manlis) യാണതിൽ ഉണ്ടായിരുന്നതു്. അതിന്നു് തലയുണ്ടായിരുന്നില്ല. പിറെറന്നു് പുനർജന്മത്തെപ്പററി പ്രസംഗിക്കുന്നതിനിടക്കു് ഒരു പ്രകടനത്തിനായി ഞാൻ പിടിച്ചതായിരുന്നു മെയ് 22-ാംനു- അതിനെ.

പതിനാറുദിവസത്തിനുശേഷം, പെട്ടി തുറന്നുനോക്കിയപ്പോൾ, തലയില്ലാത്ത ആ പാററ: തുള്ളിച്ചാടാൻ തുടങ്ങി. പുനർജന്മം ഒരു വസ്തുനിഷ്ഠ യാഥാർത്ഥ്യമാണെങ്കിൽ, 16 ദിവസംമുമ്പ് ശ്വസിക്കാൻ പററാത്തതുകൊണ്ടു് ചത്തുപോയ അതിൻെറ ഛേദിക്കപ്പെട്ട തല, മറെറവിടെയെങ്കിലും പുനർജ്ജനിക്കേണ്ടതായിരുന്നു. അതേസമയം തുടർന്നു ശ്വസിക്കുകയും ജീവിക്കുകയും ചെയ്തിരുന്ന അതിൻെറ ദേഹം

കുറച്ചു ദിവസംകൊണ്ടു് ഭക്ഷണം കഴിക്കാതെ ചത്തു്, മററൊരിടത്തു് പുനർജ്ജനിക്കേണ്ടതായിരുന്ന, ഒരേ ജീവഘടന, രണ്ടിടങ്ങളിൽ പുനർജനിക്കുക!

ഒരു മി. സേന പറയുന്നതു് സുഷിരനിബിഡമായ ജീവനും 'ജീവൻെറ സത്ത അഥവാ ശാശ്വത ജീവൻ' എന്നദ്ദേഹം വിളിക്കുന്ന 'മററൊരു ജീവനും' തമ്മിൽ വ്യത്യാസമുണ്ടെന്നാണു്. ഈ ശാശ്വത ജീവൻ, കാലത്തേയും അന്തരീക്ഷത്തേയും തരണംചെയ്തു് അവസാനം അതില്ലാതായിത്തീരുന്ന ഒരവസ്ഥയിൽ എത്തിച്ചേരുന്നു എന്നാണദ്ദേഹത്തിൻെറ വാദം.

ഒന്നുമില്ലാതായിത്തീരുന്ന ജീവനെ എങ്ങിനെ ശാശ്വതജീവനെന്നു് പറയാമെന്നു് എനിക്കു് മനസ്സിലാകുന്നില്ല. വെറും വിഡ്ഡിത്തം! ജീവൻ ഏകകോശത്തിൽ ഉണ്ടായാലും ബഹുകോശഘടയിൽ ഉണ്ടായാലും, ഒന്നുതന്നെയാണു്. ഒരു സസ്യത്തിലോ, പുഴവിലോ, മനുഷ്യനിലോ ആയാലും ജീവനു തമ്മിൽ യാതൊരു വ്യത്യാസവുമില്ല. മാനസികമായ വളർച്ചയുടെ തോതിലാണു് വ്യത്യാസം, ജീവനില്ല, സിരാവ്യൂഹ ഘടനയുടെ പരിണാമത്തിനനുസരിച്ചു് വ്യത്യാസപ്പെട്ടിരിക്കും മനസ്സിൻെറ സ്വഭാവം. ജീവനുള്ള ഉരുളക്കിഴങ്ങിൽ മനസ്സു് ഇല്ലാതിരിക്കെ ഒരു പുഴവിൽ അപുഷ്ടലഘുവായ മനസ്സും, മനുഷ്യനിൽ നല്ലപോലെ വികസിതമായ മനസ്സും, ആണുള്ളതു്. വിശ്വത്തിൽ, ഏററവും വികസിതമായ ബുദ്ധിഘടന, മനുഷ്യൻെറതാണെന്നു് വിശ്വസിക്കുവാനും കാരണമൊന്നും ഞാൻ കാണുന്നില്ല.

ആ തലയില്ലാത്ത പാററ ജീവസൃഷ്ടി തുടൻ പോകുമായിരുന്നു എന്നു മാത്രമല്ല, അതിൻെറ ദേഹത്തിൽ അനേകം സിരാകേന്ദ്രങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു്, ലഘുവായ ഒരു മനസ്സും അതിനു് ഉണ്ടായിരുന്നു. ഒരു പാററക്കുപകരം രണ്ടെണ്ണത്തെ—ഒരാണിൻേറയും, ഒരു പെണ്ണിൻേറയും തലകളില്ലാത്ത രണ്ടെണ്ണത്തെ—പെട്ടിയിൽ സൂക്ഷിച്ചിരുന്നെങ്കിൽ അവ ഇണചേരുകയും പെണ്ണിൻെറ ദേഹം മുട്ടയിടുകയും ആ മുട്ടകൾ വിരിഞ്ഞ തലകളുള്ള പാററക്കുട്ടികൾ ഉണ്ടാവുകയും ചെയ്യുമായിരുന്നു. വളരെ ലഘുവായിട്ടാണെങ്കിലും മാനസികശേഷിയുണ്ടായിരുന്നതുകൊണ്ടു് അവയ്ക്കു് ബോധപൂർവ്വം ഇണചേരാൻ കഴിഞ്ഞു.

ഒരു മി. വീരരത്നം ഇങ്ങനെ പറയുന്നു: 'ഇണചേരൽ പ്രക്രിയയിൽക്കൂടി ഉണ്ടാകുന്ന ജീവൻെറ പ്രാഥമികരൂപം, പുനർജന്മചിത്രത്തിൽ വരുന്നില്ല.' ശാസ്ത്രീയമായ എന്തു് തെളിവുണ്ടു് അദ്ദേഹത്തിനിങ്ങിനെ പ്രസ്താവിക്കുവാൻ? അദ്ദേഹം തുടരുന്നു: 'മാനസികഘടകം

പ്രവത്തിച്ചു തുടങ്ങുന്ന പരിണാമത്തിൻെറ ഒരുയന്ന തലത്തിൽനിന്നു മാത്രമേ പുനർജന്മം സംഭവിക്കുന്നുള്ളു.'

കോളൻററേററിനെ (Colenterate) (അന്യാരസമതയും അന്തദരവും മാത്രമായുള്ള പ്രാണവർഗ്ഗം — കടൽചൊറി, പവിഴം മുതലായവ) പോലുള്ള, സിരാഘടനയും അതുകൊണ്ടുതന്നെ ലഘുമനസ്സും ഉള്ള അനേകം കഷണങ്ങളായി മുറിക്കപ്പെടാവുന്നവയും ഓരോ കഷണത്തിനും കോളൻററേററുകളായി വളരാവുന്ന വയുമായ ജീവികളുണ്ടെന്ന യാഥാത്ഥ്യം ഈ മാന്യൻ ഒരുപക്ഷേ അറിഞ്ഞിരിക്കയില്ല. പുനർജനിത ജീവികളുടെ അംശങ്ങൾ മാത്രമായിരിക്കുമോ പിതൃദേഹത്തിലുണ്ടായിരിക്കുക? മനുഷ്യജീവികളെ സംബന്ധിച്ചപോലും ബീജസംഗമം കഴിഞ്ഞ അണ്ഡകോശങ്ങൾ പുതുജീവൻെറ പ്രവേശനത്തിനുശേഷം നാലായി പിളരുകയും സാമ്യമുള്ള നാലുകുട്ടികളായി ജനിക്കുകയും ചെയ്യുന്നു എങ്കിൽ ആ കുട്ടികൾക്ക് ഓരോന്നിനും പിതൃബീജത്തിൻെറ നാലിലൊന്നു മാത്രമേ ഉണ്ടായിരിക്കുകയുള്ളു? എന്തൊരു വിഡ്ഡിത്തം.

മി. ലിയനാഗ് എന്നൊരാൾ അത്ഭുതസിദ്ധിയുള്ള കുട്ടികളിൽ കൂടിയും പരമ്പരാഗത വൈവിദ്ധ്യത്തിൽകൂടിയും പുനർജന്മത്തെ തെളിയിക്കാൻ ശ്രമിക്കുകയാണു്.

കമ്മത്തേക്കാളും പുനർജന്മത്തേക്കാളും വംശപാരമ്പര്യത്തിലും പൈതൃകഗുണത്തിലും ആധാരമാക്കിയാണു് പരമ്പരാഗത വൈവിദ്ധ്യത്തിൻെറ വിശദീകരണത്തിനു ശ്രമിക്കുന്നതു്. ധാരാളം മുട്ടയിടുന്ന കോഴികളും ധാരാളം പാൽ തരുന്ന പശുക്കളും വംശപാരമ്പര്യ പൈതൃക ഗുണശാസ്ത്രത്തിൽ മനുഷ്യൻെറ അറിവുപയോഗപ്പെടുത്തി തിരഞ്ഞെടുത്ത ഉല്പാദനം സാധിക്കുന്നതിൻെറ ഫലമാണു്. ഈ ജന്തുക്കളുടെ ധാരാളിത്തസ്വഭാവം ആശ്രയിച്ചിരിക്കുന്നതു് അവയുടെ ബീജഗുണത്തിന്മേലും ഡി. എൻ. എ. അണുക്കളിന്മേലുമാണു് — അല്ലാതെ അവയുടെ കമ്മത്തിന്മേലല്ല!

മനുഷ്യൻ ബീജഗുണത്തെപ്പററിയുള്ള അവൻെറ അറിവു് സ്വവർഗ്ഗത്തിൻെറ ഗുണങ്ങൾ നന്നാക്കുവാനുള്ള പ്രയത്നത്തിനുപയോഗപ്പെടുത്തുന്ന കാലം വിദൂരമൊന്നുമല്ല. ഗവമ്മേണ്ടുകൾ എല്ലാവിധ വിലക്കുകളേയും അതിലംഘിച്ചുകൊണ്ടു് ജനിപ്പിക്കുന്ന രംഗത്തു് വ്യക്തികൾക്കുള്ള സ്വാതന്ത്ര്യത്തിന്മേൽ ഇടപെടുന്ന ഒരു ഭാവികാലത്തെ ഞാനെൻെറ മുമ്പിൽ കാണുന്നു. അതുകൊണ്ടു് ഗുണകുറവുള്ളവരേയും അനഹന്മാരായിട്ടുള്ളവരേയും അവരുടെ ന്യായമായ ലൈംഗീകാവശ്യം നിറവേറുന്നവയിൽനിന്നും തടയുമെന്നല്ല, ഞാൻ അത്ഥമാക്കുന്നതു്. അത്തരക്കാർ ജനിപ്പിക്കുന്നതു് തടയുവാനുള്ള നടപടികൾ ഗവർമ്മേണ്ടുകൾ സ്വീകരിച്ചേക്കും.

ജനുഷ്യജനനം, വിദഗ്ദ്ധന്മാരായ പൈതൃകഗുണ വിദഗ്ദ്ധന്മാരുടേയും ദീർഘവീക്ഷണമുള്ള രാഷ്ട്രനേതാക്കളുടേയും മാർഗ്ഗനിർദ്ദേശമാവശ്യമായ പരമപ്രധാനമായ ദേശീയതാല്പര്യമായി തീർന്നേക്കാവുന്നതാണ്. വിവാഹിത ദമ്പതികൾക്ക് സന്താനോല്പത്തിക്ക് 'പ്രൊക്രിയേഷൻ മിനിസ്ട്രിയുടെ' ലൈസൻസ് എടുക്കേണ്ടി വന്നേക്കും.

പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന അർഹതയുള്ള ഗുണങ്ങളോടു കൂടിയ സ്ത്രീകളിൽ കൃത്രിമമായി കുത്തിവെക്കുന്നതിന്ന് പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന ശുക്ലം സൂക്ഷിക്കുന്നതിന് രാജ്യത്തുടനീളം രക്തബാങ്കുകളെപ്പോലെ ശുക്ലബാങ്കുകളും സ്ഥാപിക്കപ്പെട്ടേക്കും. അങ്ങിനെ, മനുഷ്യൻ സ്വന്തം വർഗത്തിന്റെ ഗുണപുഷ്ടലതക്കു വേണ്ടി 'സെലക്ടീവ് ബ്രീഡിങ്ങ്' സ്വീകരിക്കുമ്പോൾ ഇന്നത്തേക്കാൾ കൂടുതൽ കൂടുതൽ അത്ഭുതസിദ്ധികളുള്ള മനുഷ്യജനനത്തിനു വേണ്ടി പ്ലാൻ ചെയ്യാൻ കഴിയും; ഇന്നാകട്ടെ അത്തരം മനുഷ്യർ വല്ലപ്പോഴും ആകസ്മികതയുടെ ഫലമായി മാത്രമാണുണ്ടാകുന്നത്.

ശ്രീലങ്കയിലെ ഭൂരിപക്ഷം ജനങ്ങളും പുനർജന്മത്തിൽ വിശ്വസിക്കുന്നവരാകകൊണ്ട് ഗവമ്മേണ്ട് കാർഷിക-മൃഗസംരക്ഷണ ഗവേഷണ ഇൻസ്റ്റിററ്യൂകൾക്ക് കൃഷിചെയ്യുന്ന സസ്യങ്ങളേയും വീട്ടുമൃഗങ്ങളേയും ഇണചേരുന്ന സാധാരണ സമ്പ്രദായത്തെ അവലംബിക്കാതെ, അവയുടെ ഭൂതകാലകമ്മത്തിന്റെ അടിസ്ഥാനത്തിൽ ആണിനേയും പെണ്ണിനേയും തിരഞ്ഞെടുത്ത് വംശഗുണം വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശം കൊടുക്കുമോ?

മുൻജന്മത്തിലെ ആർജ്ജിതവിജ്ഞാനത്തിന്റെ ഓർമ്മയോടുകൂടി അത്ഭുതസിദ്ധിയുള്ള ശിശുക്കൾ ജനിക്കുന്നു എന്നുപറയുന്നത്, മുൻജന്മത്തിലെ മുഖാകൃതി, നിറം, മുറിവുകൾ, ക്ഷതങ്ങൾ മുതലായവ പുനർജന്മമെടുത്ത ശരീരത്തിൽ വീണ്ടും പ്രത്യക്ഷപ്പെടാവുന്നതാണെന്നുള്ള പുനർജന്മത്തെക്കുറിച്ച് പഠനം നടത്തുന്ന പ്രൊഫ: അയാൻസ്റ്റീവൺസൺ, പ്രൊഫ: എച്ച്. എൻ. ബാനർജി, മി. വി. എഫ്. ഗുണരത്ന തുടങ്ങിയവർ ഉറപ്പിച്ചുപറയുന്നതുപോലെതന്നെ, വിഡ്ഢിത്തം മാത്രമാണ്. അതു ശരിയാണെങ്കിൽ, നേത്രസംഭാവനാസംഘത്തിന്ന് അതൊരു വലിയ അടിയായിത്തീരും. അന്ധനായി വീണ്ടും ജനിക്കുമെന്നുള്ള ഭയംകൊണ്ട് ജനങ്ങൾ നേത്രം സംഭാവനചെയ്യാൻ തയ്യാറാവാതെ വരും.

മാത്തമാററിക്സിൽ അത്ഭുതസിദ്ധിയുള്ളവർക്ക് പുനർജന്മത്തിലും അവരുടെ അറിവ് നിലനിർത്താൻ കഴിയുമെന്നുള്ള വാദം ശരിയാവുമെങ്കിൽ; മുൻജന്മത്തിൽ മാത്തമാററിക്സിൽ അത്ഭുതസിദ്ധിയുണ്ടായി

രുന്ന ഒരു കഴുത, ശ്രീലങ്ക യൂണിവേഴ്സിററിയിലെ മാത്തമാററിക്സ് ചെയറിൽ ഇരിക്കുന്നതു് കാണാൻ കഴിയുന്ന ഒരത്ഭുതദിവസത്തെ ഭാവിയിൽ നമുക്കു കാണാൻ സാധിക്കും.

മുൻ ജന്മത്തിലെ ഓർമ്മകളെ സ്മരിക്കുന്ന കുട്ടികളെക്കുറിച്ചുള്ള കഥകളെല്ലാം വെറും മിഥ്യയാണ്. നിഷ്പക്ഷമായും ശാസ്ത്രീയമായും അത്തരം കേസ്സുകളെക്കുറിച്ച് അന്വേഷിച്ചിട്ടുള്ളവർക്കെല്ലാം അവയുടെ അയഥാർത്ഥത്തേയും അത്തരം കഥകളുടെ പിന്നിലുള്ള വഞ്ചനയേയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പ്രസിദ്ധ അമേരിക്കൻ മനശ്ശാസ്ത്ര ഗവേഷകനായ സ്പ്രേഗ് ഡി, ക്യാമ്പ്, 'സ്പിരിററ്സ് സ്ററാർസ് ആൻഡ് സെൽസ്' എന്ന അദ്ദേഹത്തിൻെറ പുസ്തകത്തിൽ പുനർജന്മത്തിന് വിശ്വാസപൂർണ്ണമായ തെളിവുകളായി ചൂണ്ടിക്കാണിക്കപ്പെടാറുള്ള ബ്രിഡ്ജ്‌ലി, മർഫി, ശ്രീചന്ദിനി കേസ്സുകളുടെ പിന്നിലുള്ള വഞ്ചനയെ തുറന്നു കാണിച്ചിട്ടുണ്ട്.

ജീവശാസ്ത്രത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്ത മി. ലിയാനജ് പറയുകയാണ്. 'കോവൂർ ചൂണ്ടിക്കാണിച്ചിട്ടുള്ള പീറേറഴ്സ് സല്ലർസിൻെറ മരണത്തെക്കുറിച്ചും ഉയർത്തെഴുന്നേല്പിനെക്കുറിച്ചും ഉള്ള ഉദാഹരണം ബാലിശമാണ്. എന്തുകൊണ്ടെന്നാൽ തലച്ചോറിന് ഓക്സിജൻ ലഭിക്കാതായാൽ, ഒരു ഇലക്ട്രോണിക്ക് പേസ്- മേക്കർക്കും ഒരു മനുഷ്യനെ പുനരുജ്ജീവിപ്പിക്കാൻ സാദ്ധ്യമല്ല'

പുനരുജ്ജീവനത്തിനോ, ജീവസന്ധാരണത്തിനോ ജീവിക്കുന്ന തലച്ചോറ് ആവശ്യമാണെന്ന മൂഢവിശ്വാസമാണ് ഈ മാന്യനുള്ളതു്. ഒരു ഏകകോശജീവി, ഒരു മുട്ട, ഒരു ഉരുളക്കിഴങ്ങ്, ഗർഭപാത്രത്തിലെ ബീജം, ഒരണുകോശം എന്നിവയിലെല്ലാം തലച്ചോറിനെന്താണ് സ്ഥാനം? പുതിയ ശീതീകരണടെക്നിക്കുകൾ ഉപയോഗപ്പെടുത്തി മരണത്തിനു് തൊട്ടു മുമ്പോ പിമ്പോ ശരീരങ്ങൾ അത്യന്ത ശീതീകരണത്തിനു് വിധേയമാക്കാവുന്നതും ശീതീകൃത ചേമ്പറുകളിൽ സൂക്ഷിക്കാവുന്നതും ഒന്നോ അധികമോ നൂററാണ്ടുകൾക്കുശേഷംപോലും പുനരുജ്ജീവിപ്പിക്കാവുന്നതുമാണ്. അത്തരമൊരു ശരീരം ഒന്നോ രണ്ടോ ശതാബ്ദങ്ങൾക്കു ശേഷം പുനരുജ്ജീവിപ്പിക്കപ്പെടുമ്പോൾ ആ മനുഷ്യൻെറ വിട്ടുപിരിഞ്ഞ ജീവൻ മറെറാരു പുനർജന്മ ശരീരത്തിൽനിന്നും തൻെറ പഴയ ശരീരത്തിൽ പ്രവേശിക്കുവാൻ തിരിച്ചുവരുന്നതാണോ? ശീതീകൃത ശരീരത്തിൽ തലച്ചോറ് നൂററാണ്ടുകളോളം ജീവിച്ചിരിക്കുമോ? എത്ര ബാലിശം!

മരിക്കുന്ന സമയത്തുള്ള ഒരു മനുഷ്യൻെറ അവസാനത്തെ ചിന്ത അയാളുടെ പിന്നത്തെ ജന്മവുമായി ബന്ധിക്കപ്പെട്ടിരിക്കുമെന്നാണ്,

പുനർജന്മവിശ്വാസികളുടെ വ്യർത്ഥാവാദം. പദാർത്ഥത്തിൻേറയും ഊർജ്ജത്തിൻേറയും നിലനിൽപ്പിനെ ഭരിക്കുന്ന പ്രകൃതിനിയമത്തെ ഇതിനു പോൽബലകമായി അവർ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

ഒരാരം മരിക്കുന്നതിനു തൊട്ടുമുമ്പ് അയാരം വൈൻഡ്ഡ് ചെയ്യേക്കാവുന്ന ഒരു ക്ലോക്കിൽ അയാളുടെ ജീവൻ തുടന്നുണ്ടായിരിക്കുമെന്നും മരണശയ്യയിലെ ഒരാളുടെ സംസാരം റിക്കാർഡു് ചെയ്യുന്ന ഒരു മാഗ്നററിക്കു് ടേപ്പിൽ അയാളുടെ ചിന്ത തുടർന്നുണ്ടായിരിക്കുമെന്നും, ഒരു കോഴിക്കുഞ്ഞിനെ ഭക്ഷിച്ചതുകൊണ്ടു് ആ കോഴിക്കുഞ്ഞ് അയാളുടെ ദേഹത്തിൽ ഉണ്ടായിരിക്കുമെന്നും പറയുന്നതുപോലെ തന്നെ വിഡ്ഢിത്തമാണു് ഒരാളുടെ ചിന്തകരം അയാളുടെ മരണശേഷവും ജീവിക്കുമെന്നുള്ള വാദവും.

മനസ്സുകരംക്കു് വീണ്ടും വീണ്ടും പുനർജനിക്കാനുള്ള ലൗകികാതീതമായ കഴിവുണ്ടെങ്കിൽ, നമ്മുടെ ഭൂഗോളത്തിൽ ജീവനാവിർഭവിക്കുന്നതിനുമുമ്പ് എവിടെയായിരുന്നു ഈ മനസ്സുകളെല്ലാം? ചിന്തിക്കുന്നവനില്ലാതെ ചിന്തയോ സ്മരിക്കുന്നവനില്ലാതെ സ്മരണയോ സാദ്ധ്യമാകുമോ?

ഇന്ധനമില്ലാതെ തീ സാധ്യമല്ലെന്നതുപോലെതന്നെ, ശരീരമോ സിരകളോ ഇല്ലാതെ ജീവനും മനസ്സും ഉണ്ടാവുക സാധ്യമല്ല.

ആത്മാവെന്നോ പ്രാണനെന്നോ പറയപ്പെടുന്നതു് ജീവൻേറയും മനസ്സിൻേറയും സമ്മേളനമാണു്. ജീവനും മനസ്സിനും ശരീരത്തെ അതിജീവിക്കുവാൻ കഴിയാത്തതുകൊണ്ടു്, 'ശാശ്വതജീവനെ'ന്നോ 'അനശ്വരാത്മാവെ'ന്നോ പറയുന്നതു് അർത്ഥമില്ലായ്മയാണു്. ഗൗതമൻ ഈ സത്യം മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു് ഇരുപത്തഞ്ചു് നൂററാണ്ടുകരംക്കുമുമ്പ് 'അനാത്മ' സിദ്ധാന്തം പ്രചരിപ്പിക്കയും ചെയ്തിരുന്നു.

ഗൗതമബുദ്ധൻെറ മരണത്തിനുശേഷം ബുദ്ധസിദ്ധാന്തങ്ങളിൽ 'അനാത്മ' സിദ്ധാന്തത്തിനു കടകവിരുദ്ധമായ ബ്രാഹ്മണവിശ്വാസമായ പുനർജന്മസിദ്ധാന്തം കടന്നുകൂടുവാൻ ഇടയായതു് നിർഭാഗ്യമായിപ്പോയി.

പ്രേതാത്മാക്കളുടെ ഫോട്ടോ എടുത്തു എന്നവകാശപ്പെടുന്നവർ ധാരാളമുണ്ടു്. ചില പുസ്തകങ്ങളിൽ അത്തരം ഫോട്ടോകരം പ്രസിദ്ധീകരിച്ചിരിക്കുന്നതും കാണാം. ഫോട്ടോഗ്രാഫിക്കു് ടെക്നിക്കുകളേയോ മനുഷ്യൻെറ ക്രിത്രിമങ്ങളേയോ പററി അറിവില്ലാത്ത ക്ഷണവിശ്വാസശീലർ അതു് പ്രേതങ്ങളുടെ ഫോട്ടോയാണെന്നു് വിശ്വസിക്കും. ഫ്രെഡ്ബാർലോ, മേജർനംഫ്ളിങ്ങ് എന്നീ ഗവേഷക

ന്മാർ ഇതേപ്പററി അന്വേഷിച്ചപ്പോഴാണ് അതു മുഴുവൻ കള്ളത്തരമാണെന്ന് വ്യക്തമായത്. പ്ലാഞ്ചെററുകൾ, പൂജാബോർഡുകൾ, ടംബ്ളർ ജോത്സ്യം എന്നിവയുടെ പിന്നിൽ പ്രേതാത്മാക്കളോ ദേവീദേവന്മാരോ അല്ല പ്രവൎത്തിക്കുന്നതെന്നും തെളിയിക്കപ്പെട്ടു. മാംസപേശികളുടെ സൈക്കോ മോട്ടോർ പ്രവൎത്തനം (മനസ്സിൻെറ നിൎദ്ദേശമനുസരിച്ച് നടക്കുന്ന മാംസപേശികളുടെ സങ്കോചവികാസങ്ങൾ) ആണ് അതിനു കാരണമെന്ന് ഇപ്പോൾ സാമാന്യബോധമുള്ളവൎക്കറിയാം. എങ്കിലും ഇന്നും ചില ഗ്രാമപ്രദേശങ്ങളിൽ ഇവയുടെ പേരിൽ തട്ടിപ്പുകൾ നടക്കുന്നുണ്ടു്. തന്നിൽ പ്രേതം കൂടിയിട്ടുണ്ടെന്നും താൻ പ്രേതങ്ങളുടെ മാദ്ധ്യമമായിത്തീരുന്നുണ്ടെന്നും തനിക്കു് ദിവ്യശക്തിയുണ്ടെന്നും ഇന്ദ്രിയാതീതജ്ഞാനമുണ്ടെന്നുമൊക്കെ അവകാശപ്പെടുന്നവരൊക്കെ മാനസിക രോഗികളാണ്.

ജീവശാസ്ത്രപരമായിനോക്കിയാൽ ജൈവവസ്തുക്കളിൽ ഓക്സിജൻ നടത്തുന്ന ബോധപൂൎവ്വമല്ലാത്ത ജാരണത്തിൽനിന്നു് ഉത്ഭവിക്കുന്ന എനർജിയാണ് ജീവൻ. ആ ജീവൻെറ ശക്തികേന്ദ്രമാകട്ടെ, ജൈവകോശ ദ്രവത്തുകളെമാണ്. ഈ ജൈവകോശ ദ്രവത്തിലുള്ള നിരവധി എൻസൈമുകളും ഭക്ഷണത്തിൽനിന്നു ലഭിക്കുന്ന ഗ്ലൂക്കോസ്, കൊഴുപ്പ് എന്നിവയിൽനിന്നും ശ്വസനം വഴി ഒരു പ്രത്യേകതരം എനർജി ചോൎത്തിയെടുക്കുന്നു മാംസപേശികളുടെ ചലനം, നാഡിസ്പന്ദനം തുടങ്ങി ശരീരത്തിൻെറ എല്ലാ പ്രവൎത്തനങ്ങളും നടക്കുന്നതിനാവശ്യമായ എനർജി നൽകുന്ന അഡെനോസിൻ ട്രൈഫോസ്ഫേററും ഇങ്ങിനെയാണ് ഉല്പാദിപ്പിക്കപ്പെടുന്നതു്.

മനസ്സും ജീവനും ഒന്നാണെന്നു് പലരും കരുതുന്നുണ്ടു്. അതാണ് പല തെററിദ്ധാരണകൾക്കും അന്ധവിശ്വാസങ്ങൾക്കും കളമൊരുക്കുന്നതു്. മസ്തിഷ്കത്തിലെ ന്യൂറോണുകളുടെ രാസവൈദ്യുതപ്രവൎത്തനത്തെയാണ് മനസ്സ് എന്നു് നാം വിളിക്കുന്നതു്. ഓരോ ജീവിയുടെയും സിരാപടലത്തിൻെറ വികാസമനുസരിച്ച് മനസ്സിൻെറ ഗുണം കൂടിയും കുറഞ്ഞുമിരിക്കും. എന്നാൽ, ജീവൻെറ കഥ അതല്ല. എല്ലാ ജീവവസ്തുക്കളിലും — ചെടിയായാലും — മൃഗമായാലും — മനുഷ്യനായാലും — അതു് ഒരുപോലെയാണ്. താഴ്ന്ന ജീവിവൎഗ്ഗങ്ങളെ മുതൽ ഉയൎന്ന ജീവിവൎഗ്ഗങ്ങളെവരെ പരിശോധിച്ചു നോക്കിയാൽ മനസ്സിൻെറ വളൎച്ചയുടെ ഒരു ചിത്രം നമുക്കു കിട്ടും. തലയിൽ മസ്തിഷ്കമുള്ള നട്ടെല്ലുള്ള ജീവികൾക്കു് നട്ടെല്ലില്ലാത്ത ജീവികളെക്കാൾ വികസിച്ച മനസ്സുണ്ടു്. പട്ടിക്കും കുരങ്ങിനുംവരെ മനഃസ്സാക്ഷി, പ്രേമം, വെറുപ്പ്, കോപം, ദയ ഓൎമ്മ, ചിന്ത, ദുഃഖം, കുററബോധം എന്നിവയുണ്ടു്. പക്ഷെ, മനുഷ്യമനസ്സ് കുറെക്കൂടെ വികാസം പ്രാപിച്ചതാ

ണ്ട്. നിർമ്മാണശക്തിയും യുക്തിവിചാരത്തിനുള്ള കഴിവും അതിനുണ്ട്.

മനസ്സ് വ്യക്തിത്വത്തിന്റേയും ഞാൻ എന്ന ഭാവത്തിന്റെയും (Ego) ഇരിപ്പിടമാണ്. ശ്വസിക്കുന്ന ഒരു ശരീരമില്ലാതെ ജീവന് നിലനില്ക്കാൻ സാദ്ധ്യമല്ലാത്തതുപോലെ, മസ്തിഷ്കമില്ലാതെ മനസ്സും ഉണ്ടാവുക സാദ്ധ്യമല്ല. മസ്തിഷ്കത്തിലെ ന്യൂറോണുകൾക്ക് ശ്വസന പ്രക്രിയയ്ക്കാവശ്യമായ ഓക്സിജൻ കിട്ടാതെ വരുമ്പോൾ ആ ജൈവ വസ്തുവിന്റെ ബോധം നശിക്കും. മരണത്തെ അതിജീവിക്കാൻ മനസ്സിന് കഴിയുമെന്ന് പറയുന്നത് വിഡ്ഢിത്തമാണ്. മസ്തിഷ്കത്തിന്റെ നാശത്തോടുകൂടി മനസ്സും നശിക്കുന്നു. ജീവികൾക്ക് മനസ്സല്ലാതെ, ആത്മാവുണ്ടെന്നതിന് യാതൊരു തെളിവുമില്ല.

മദ്ധ്യപൗരസ്ത്യ ദേശത്ത് ഉത്ഭവിച്ച ക്രിസ്തുമതം ഇസ്ലാംമതം, യൂദ മതം എന്നിവ മനുഷ്യനു മാത്രമേ ആത്മാവുള്ളവെന്നാണ് പറയുന്നത്. എന്നാൽ ഹിന്ദുമതമാകട്ടെ, എല്ലാ ജീവികൾക്കും ആത്മാവുണ്ടെന്നു കരുതുന്നു. എന്നാൽ പ്രാകൃതകാലത്ത് മനുഷ്യൻ കരുതിയിരുന്നത് ജീവനില്ലാത്ത വസ്തുക്കൾക്കും ആത്മാവുണ്ടെന്നാണ്. അതുകൊണ്ട് നദികൾ, കൊടുമുടികൾ, മഴ, കാററ്, സൂര്യൻ, ചന്ദ്രൻ, മരങ്ങൾ, കല്ലുകൾ, വിഗ്രഹങ്ങൾ തുടങ്ങിയവയെ അവർ ആരാധിച്ചു പ്രകൃതിയെ സംബന്ധിച്ചുള്ള അറിവ് വർദ്ധിച്ചുവന്നതനുസരിച്ച് ചില മതങ്ങൾ നിർജ്ജീവ വസ്തുക്കളെ ആരാധിക്കുന്ന പതിവുമാററി.

ശരീരത്തെ സ്വീകരിക്കുകയും അതിനെ ഉപേക്ഷിച്ചുപോരുകയും ചെയ്യുന്ന ആത്മാവുണ്ടെങ്കിൽ അതിൽ ശ്വാസനക്രിയ നടത്താനുള്ള ശരീരമില്ലാത്തതുകൊണ്ട് ജീവനുണ്ടാവുകയില്ല. മസ്തിഷ്കം ഇല്ലാത്തതു കൊണ്ട് മനസ്സും ഇല്ല. അതിനു രൂപമുണ്ടെന്നു കരുതാനുംവയ്യ പക്ഷെ, ആത്മാവുണ്ടെന്നു വിശ്വസിക്കുന്നവർ പറയുന്നതു കേൾക്കുമ്പോൾ അവയ്ക്ക് ഇതെല്ലാമുണ്ടെന്നു തോന്നും. മന്ത്രം ചൊല്ലുന്നത് അവ കേൾക്കുന്നുണ്ടെന്നാണ് മന്ത്രവാദിയുടെ വാദം. ചെവിയും മസ്തിഷ്കവുമില്ലാതെ അവയെങ്ങനെ കേൾക്കും? പ്രേതാത്മാക്കൾ നടക്കുന്നതും ഓടുന്നതും പലരും കണ്ടിട്ടുണ്ടെന്നു പറയുന്നു പക്ഷെ, അവയ്ക്ക് കാലില്ല. എന്നൊക്കെണം. ആത്മാക്കൾക്ക് കയ്യില്ലെങ്കിലും അവ കല്ലെറിയുമെന്നും സാധനങ്ങൾ മാററിയിടുമെന്നും കരുതപ്പെടുന്നു. ജീവനുള്ള മനുഷ്യന്റെ ശരീരത്തിൽ പരേതാത്മാക്കൾ പ്രവേശിക്കുന്നതാണ് പ്രേതബാധയെന്നാണല്ലോ വിശ്വാസം. അങ്ങനെയാണെങ്കിൽ പല ആത്മാക്കൾക്ക് ഒരേ ശരീരത്തിൽതന്നെ കഴിഞ്ഞുകൂടാമല്ലോ.

ആത്മാവിന് രൂപമില്ലെന്നു പറയാറുണ്ടെങ്കിലും പരേതാത്മാക്കാൾ പഴയ രൂപത്തിലാണ് പലക്കും പ്രത്യക്ഷപ്പെടുന്നത്. അതെ

ങ്ങനെ സാധിക്കുമെന്നു മനസ്സിലാകുന്നില്ല. മനുഷ്യരെ ബാധിക്കുന്ന പ്രേതാത്മാക്കളെ ചില മന്ത്രവാദികൾ പാലമരത്തിലേക്കും മുപ്പാവിലേക്കുമൊക്കെ മാററാറുണ്ടെന്നു് പറയപ്പെടുന്നു. ശരീരമില്ലാത്ത ആത്മാവിനെന്തിനാണു് ഇരിപ്പിടം? പരേതാത്മാക്കൾക്കു് കള്ളും ചാരായവും ഭക്ഷണസാധനങ്ങളും പലരും നിവേദിക്കാറുണ്ടു്. അതു കഴിക്കാൻ അവയ്ക്കു് വായും ആമാശയവും മററുമുണ്ടോ? വിശപ്പും, ദാഹവും, സ്നേഹവും, ദേഷ്യവും, കാമവികാരവുമൊക്കെ ശരീരത്തിൻെറ ധർമ്മങ്ങളാണു്. ശരീരമില്ലാത്ത ആത്മാക്കൾക്കു് ഇവയൊക്കെ ഉണ്ടെന്നു പറയുന്നതു് എങ്ങിനെ യുക്തിസഹമാകും?

ലോകത്തിലെ ബഹുഭൂരിപക്ഷം ആളുകളും ആത്മാവിൻെറ ആസ്തിക്യത്തിൽ വിശ്വസിക്കുന്നു എന്നുള്ളതാണു് ആത്മാവുണ്ടെന്നതിനു് തെളിവായി ചിലർ ചൂണ്ടിക്കാണിക്കുന്നതു്. തെററായ വിശ്വാസംകൊണ്ടു് ഒരിക്കലും ആടു് ആനയാവുകയില്ല. പതിനാറാം നൂറാണ്ടിൽ ജീവിച്ചിരുന്ന ബ്രൂണോയെ അന്നത്തെ വിശ്വാസികൾ ജീവനോടെ ദഹിപ്പിച്ചു ഗലീലിയോയെ ജയിലിൽ അടച്ചു അന്നു് ബഹുഭൂരിപക്ഷമാളുകളും വിശ്വസിച്ചിരുന്നതു് ഭൂമി പരന്നതാണെന്നായിരുന്നു. അതു് തെററാണെന്നും സൂര്യനെ ചുററുന്ന ഒരു ഗോളമാണെന്നും പറഞ്ഞതായിരുന്നു അവരുടെ കുററം. ഭൂരിപക്ഷമാളുകളും തെററായി വിശ്വസിച്ചിട്ടും ഭൂമി അന്നും കറങ്ങിക്കൊണ്ടാണിരുന്നതു്.

ശാസ്ത്രബോധമുള്ള ചുരുക്കം ചില ആളുകൾ മാത്രം മരണം മനുഷ്യൻെറ അവസാനമാണെന്നും അവൻെറ ശരീരത്തിലുള്ള പദാർത്ഥങ്ങളും എനർജിയും ഭൂമിയിൽതന്നെ ലയിക്കുമെന്നും മനസ്സിലാക്കുന്നു. എന്നാൽ അറിവില്ലാത്ത ഭൂരിപക്ഷമാളുകൾ മനുഷ്യൻ മരണത്തെ അതിജീവിക്കുന്നുവെന്നും അവൻെറ ആത്മാവു് ഭൂമിയിൽ അലഞ്ഞുതിരിയുകയോ സ്വർഗത്തിലൊ നരകത്തിലൊ പോവുകയോ ചെയ്യുന്നുവെന്നും വിശ്വസിക്കുന്നു ഇവരിൽ ചിലർ, ആത്മാക്കൾ വീണ്ടും വീണ്ടും ജനിച്ചുകൊണ്ടിരിക്കുന്നു എന്നു കരുതുന്നു ഇതിനൊന്നും യാതൊരു ശാസ്ത്രീയടിസ്ഥാനവുമില്ലെന്നു് നാം കണ്ടുകഴിഞ്ഞു. ജനനം, മരണം തുടങ്ങിയവയെ ശാസ്ത്രീയമായി മനസ്സിലാക്കുവാൻ കഴിയാതിരുന്ന പ്രാകൃത മനുഷ്യൻെറ സങ്കല്പങ്ങളാണു് ഇവയെല്ലാം. മരിക്കാതിരിക്കണമെന്നുള്ള അവൻെറ അത്യാഗ്രഹവും ഈ കഥകൾ മെനഞ്ഞെടുക്കുന്നതിനു് അവനെ പ്രേരിപ്പിച്ചിട്ടുണ്ടു്. ○

# കുററിപ്പുഴയുടെ സൂക്തങ്ങൾ

* ദേവാലയം ഭ്രാന്താലയം
* പ്രാത്ഥന മുഖസ്തുതി.
* വഴിപാട് ദൈവത്തിനുള്ള കൈക്കൂലി.
* മതം മനുഷ്യനെ വഴിതെററിക്കുന്ന കൂട്ടഭ്രാന്ത്.
* വിശ്വാസം ഒരു മാനസിക ദൗർബല്യം.
* പൗരോഹിത്യം ജീവനമാർഗ്ഗം.
* ദൈവനിഷേധം ജ്ഞാനത്തിൻെറ ആരംഭം.
* ഇന്ത്യ ജീവിക്കണമെങ്കിൽ ജാതി നശിക്കണം.
* ജാതി നശിക്കണമെങ്കിൽ നിലവിലുള്ള ഹിന്ദുമതം നശിക്കണം.
* മനുഷ്യൻ അതിശയോക്തി പ്രിയനാണ്.
* മനുഷ്യൻെറ സൃഷ്ടിയാണ് ദൈവം.
* വിശ്വാസത്തേയും വികാരത്തേയും അവലംബിച്ചാണ് നമ്മുടെ ഈശ്വരൻ ജീവിക്കുന്നത്.
* ഇതര ജനങ്ങളുടെ ബ്രാഹ്മണദാസ്യത്തിൻെറ പ്രദശനശാലകളാണ് വാസ്തവത്തിൽ ക്ഷേത്രങ്ങൾ.
* ജാതി നശിക്കാനുള്ള പ്രധാന മാർഗ്ഗം മിശ്രവിവാഹപ്രസ്ഥാനംതന്നെയാണ്.
* ഇന്ത്യയിലെ ഒന്നാമത്തെ യുക്തിവാദിയാണ് കപില മഹർഷി.
* സംശയിക്കുക, ചോദ്യം ചെയ്യുക, അന്വേഷിക്കുക, പരീക്ഷിക്കുക... ഇതൊക്കെ യുക്തിവാദത്തിൻെറ പ്രധാന ചടങ്ങുകളാകുന്നു. സംശയം ചോദ്യത്തിലേക്കും, ചോദ്യം അന്വേഷണത്തിലേക്കും, അന്വേഷണം സത്യത്തിലേക്കും നമ്മെ നയിക്കും.
* ജീവിക്കുന്നവർ ധാരാളമുണ്ടെങ്കിലും ജീവിതത്തെപ്പററി ആലോചിച്ചു നോക്കുന്നവർ വളരെ ചുരുക്കമാകുന്നു.
* ഭയം ഏതു കാര്യത്തിലും ഏതവസ്ഥയിലും ദോഷമാകുന്നു.
* ചിന്തയിൽ സ്വാതന്ത്ര്യം, ആചാരത്തിൽ അടിമത്വം — ഇതാണ് ഭാരതീയരുടെ മതജീവിതം.
* ഏതാനും പേർ ചിന്തിക്കുന്നു. ബാക്കിയുള്ളവർ അവരുടെ പുറകെ പോകുന്നു.
* അസത്യത്തേക്കാൾ ആപത്കരമാണ് അർദ്ധസത്യം.
* കുററം ചെയ്ത മനസ്സാക്ഷിയുടെ സൂക്ഷിപ്പുകാരാണ് മിക്ക മനുഷ്യരും.

# യുക്തിവാദപ്രചരണവേദിയുടെ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| 1 | എം. സി. യുടെ ദർശനങ്ങൾ | — എം. സി. | 40 00 |
| 2 | ക്രിസ്തു ക്രൂശിൽ മരിച്ചില്ല | ,, | 2 00 |
| 3 | ഹിപ്നോട്ടിസം ഒരു പാഠപുസ്തകം | — ഡോ: പി. കെ. നാരായണൻ | 10 00 |
| 4 | വിശ്രമം ഉണ്ടാവുന്നത് | ,, | 10 00 |
| 5 | വളയുന്ന നേർവര (കാർട്ടൂണുകൾ) | — ടി. പി. കുഞ്ഞിരാമൻ | 4 00 |
| 6 | യുക്തിചിന്തയും ജീവിതവും | — സി. നാരായണൻ | 12 00 |
| 7 | യുക്തിവാദത്തിന്റെ കാലിക പ്രസക്തി | — ജോസഫ് വടക്കൻ | 4 00 |
| 8 | യുക്തിരശ്മി | — ആർ. കൃഷ്ണൻകുട്ടി നായർ | 10 00 |
| 9 | ഭാരതീയ ദർശനം | — നാരായണൻ പേരിയ | 3 00 |
| 10 | ഇസ്ലാംമതവും സോഷ്യലിസവും | ,, | 3 00 |
| 11 | വി. ടി. എന്ന വിപ്ലവകാരി | — എം. പ്രഭ | 2 00 |
| 12 | മതം സാമൂഹ്യപുരോഗതിയുടെ ശത്രു | — യു. കലാനാഥൻ | 3 00 |
| 13 | ആത്മാവ്-സങ്കല്പമോ യാഥാർത്ഥ്യമോ? | ,, | 1 50 |
| 14 | ഞാൻ എന്തുകൊണ്ട് ക്രിസ്ത്യാനിയല്ല | ബർട്രാൻറ് റസ്സൽ | 4 00 |
| 15 | യുക്തിവാദിയുടെ സാമൂഹ്യവീക്ഷണം | — ഏറ്റുമാനൂർ ഗോപാലൻ | 2 00 |
| 16 | പ്രകൃത്യാതീത പ്രതിഭാസം വെറും മിഥ്യ | — ഡോ: എ. ടി. കോവൂർ | 3 00 |
| 17 | മരണാനന്തരം ജീവിതമുണ്ടോ? | ,, | 2 00 |
| 18 | ബൈബിൾ സദാചാരത്തിനു അപകടകാരിയായ മാർഗദർശി | ,, | 1 50 |
| 19 | ജോത്സ്യം-സത്യവും മിഥ്യയും | — എം. ബി. കെ. | 4 00 |
| 20 | മകര ജ്യോതിസ്സ് | — പവനൻ | 2 00 |

ആവശ്യപ്പെടുക: എ. വി. ജോസ്,
യുക്തിവാദപ്രചരണവേദി, കുററിപ്പുഴ നഗർ, തൃശ്ശൂർ-680004.

## ഗ്രന്ഥത്തെക്കുറിച്ച്; ഗ്രന്ഥകാരനെക്കുറിച്ച്:-

മരണാനന്തരം ജീവിതം ഉണ്ട് എന്ന ഉറച്ച വിശ്വാസമാണ് ഇന്നും കോടിക്കണക്കിനു ജനങ്ങൾക്കുള്ളത്. അതിനുവേണ്ടി എത്രമാത്രം ത്യാഗവും പണവും സമയവും അവർ നിത്യേന ചിലവഴിക്കുന്നു! എന്തുമാത്രം കൊലപാതകങ്ങളും രക്തസാക്ഷിത്വവും അവർ വഹിക്കുന്നു! ഒരു നിമിഷം ആലോചിച്ചിരുന്നു എങ്കിൽ 'മരണാനന്തര ജീവിതം' വെറും ഒരു 'മഹനീയമായ നുണ'യാണെന്നു ആർക്കും ബോദ്ധ്യപ്പെടും.

ഈ സത്യം ശാസ്ത്രീയമായി തെളിയിക്കുകയാണ് ലോക പ്രശസ്തയുക്തിവാദിയും മനഃശ്ശാസ്ത്രപണ്ഡിതനുമായ ഡോ: എ. ടി. കോവൂർ ഈ ലഘുലേഖയിലൂടെ നിർവ്വഹിക്കുന്നതു', അന്ധവിശ്വാസങ്ങൾക്കും അദ്ധ്യാത്മികവാദത്തിനും പ്രകൃത്യാതീത പ്രതിഭാസത്തിനും ദൈവമതവിശ്വാസതതിന്നും എതിരായി ധീരമായി പോരാടിയ ഡോ: കോവൂരിനെപ്പററി അറിയാത്തവർ ആരും ഉണ്ടാകില്ല. ലോകത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തെ ശരിയായ ദിശയിലേക്കു തിരിച്ചുവിട്ട അപൂർവ്വം മഹാന്മാരിൽ ഒരാളായിരുന്നു, കേരളം ലോകത്തിനു നല്കിയ ഡോ: എ. ടി. കോവൂർ. ഇദ്ദേഹത്തിൻെറ പ്രൗഢഗംഭീരമായ ഈ ലഘുലേഖ വായിക്കുന്ന ഏവരേയും മരണാനന്തരജീവിതമുണ്ടെന്ന മൂഢവിശ്വാസത്തിൽനിന്നും മുക്തരാക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്.

തൃശ്ശൂർ<br>20-5-98

കൺവീനർ യുക്തിവാദപ്രചരണവേദി,<br>കുററിപ്പുഴനഗർ, തൃശ്ശൂർ - 680004.